ജീവനക്കാർക്ക് ശമ്പളം നൽകാൻ കഴിയാത്തത്. ഇന്നും നാളെയുമായി ശമ്പള നടപടികൾ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സപ്ലയർമാർക്ക് നൽകാനുള്ള കുറച്ച് പണം നൽകിയിട്ടുണ്ട്. നമ്മൾ പഴയ രീതിയിലല്ല. മുൻകാലങ്ങളിൽനിന്നും വ്യത്യസ്തമായി ഈ അടുത്ത കാലങ്ങളിൽ ചില കേന്ദ്രങ്ങളിൽനിന്ന് സാധനം സപ്ലൈ ചെയ്താൽ അടുത്ത ദിവസംതന്നെ പണം കിട്ടണമെന്ന വാശിയാണ്. അതുതന്നെയാണ് കോൺട്രാക്ടർമാർക്കുമുള്ളത്. കോൺട്രാക്ടർമാരുടെ നിലപാടെന്താണ്; ഒരു വർഷത്തേയ്ക്കാണ് കോൺട്രാക്ട് ഉണ്ടാക്കുന്നത്. എന്നാൽ ഒരു വർഷത്തേയ്ക്കുണ്ടാക്കിയ ട്രാൻസ്പോർട്ടേഷൻ കോൺട്രാക്ടിൽ ഒരു മാസത്തെ പണത്തിന് വൈകിയാൽ ഉടൻ പണിമുടക്കുന്ന രീതിയിലാണ് പുതിയൊരു ശൈലി വന്നിരിക്കുന്നത്. അതുകൊണ്ട് കുറച്ച് പ്രയാസങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും അവർക്ക് രണ്ടര മാസക്കാലത്തെ കുടിശ്ശികയുണ്ടായിരുന്നത് കൊടുക്കാനുള്ള നടപടികൾ തുടങ്ങിയിട്ടുണ്ട്. ധനകാര്യ വകുപ്പ് അതിനുള്ള പണം അനുവദിച്ചിട്ടുണ്ട്. പക്ഷേ, അത്

ബോധപൂർവ്വമായ ശ്രമങ്ങൾ നടത്തുന്നതായി സംശയിക്കേണ്ടിയിരിക്കുന്നു. കഴിഞ്ഞ ആറുമാസത്തെ റേഷൻ വിതരണത്തിന്റെ തോത് പരിശോധിച്ചാൽ മഞ്ഞ കാർഡ് ഉടമകളിൽ 97 ശതമാനവും പിങ്ക് കാർഡ് ഉടമകളിൽ 94 ശതമാനവും നീല കാർഡ് ഉടമകളിൽ 82 ശതമാനവും വെള്ളക്കാർഡ് ഉടമകളിൽ 64 ശതമാനവും തങ്ങൾക്ക് അർഹതപ്പെട്ട റേഷൻ വിഹിതം വാങ്ങിയതായി കാണാവുന്നതാണ്. 2023 ഡിസംബർ മാസത്തിൽ 82.07%, 2024 ജനുവരി മാസത്തിൽ 83.47%, ഫെബ്രുവരി മാസത്തിൽ 83.30%, മാർച്ച് മാസത്തിൽ 81.98%, ഏപ്രിൽ മാസത്തിൽ 80%, മെയ് മാസത്തിൽ 81.26 % എന്നീ തോതിൽ റേഷൻ വിതരണം ചെയ്തിട്ടുണ്ട്. AePDS വെബ്സൈറ്റ് പരിശോധിച്ചാൽ റേഷൻ വിതരണം സംബന്ധിച്ച ഓരോ മിനിട്ടിലെയും വിവരങ്ങൾ അറിയാൻ കഴിയുന്നതാണ്.

ശ്രീ. ജി. എസ്. ജയലാൽ: റേഷൻകടകൾ മുഖാന്തരം 10.90 രൂപയ്ക്ക് വിതരണം ചെയ്യുന്ന അതേ അരി തന്നെ കേന്ദ്രസർക്കാർ 'ഭാരത് അരി' എന്ന പേരിൽ വിപണിയിൽ 29 രൂപയ്ക്ക് നൽകുന്നുവെന്നത് ജനങ്ങളെ ചൂഷണം ചെയ്യുന്ന നടപടിയാണ്. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

പ്രയാസങ്ങൾ ഭക്ഷ്യവകുപ്പിലുണ്ടാകുന്നുണ്ട്. എങ്കിലും അത് തരണം ചെയ്യാൻ പ്രത്യേക പരിഗണന നൽകി ധനകാര്യവകുപ്പുമന്ത്രി ഇടപെടുന്നുണ്ടെന്നുള്ള വസ്തുത താങ്കൾ അറിയണം. കൃത്യമായി നമുക്ക് വലിയ കുറവുകളൊന്നുമില്ലാതെ ഭക്ഷ്യ പൊതുവിതരണ രംഗത്ത് 80-82% ആളുകൾക്ക് എല്ലാ മാസവും അരി വിതരണം മുടക്കമില്ലാതെ നടത്താൻ കഴിയുന്ന സംവിധാനമുണ്ട്. ഞാൻ ആദ്യം ഇവിടെ സൂചിപ്പിച്ചതുപോലെ ട്രാൻസ്പോർട്ടേഷനുമായി ബന്ധപ്പെട്ട കോൺട്രാക്ടുകൾ ഒരു വർഷത്തേതാണ്. ഒരു വർഷത്തെ കോൺട്രാക്റ്റിന് അവർ ഓരോ മാസവും  പേയ്മെന്റ് നടത്തണമെന്നുള്ള വാശിയിലാണ്. അതെല്ലാം അടുത്തനാളിലുണ്ടായ പുതിയ പുതിയ ശീലങ്ങളാണ്. അതൊന്നും സാധാരണയുള്ളതല്ല. അതുകൊണ്ട് അതെല്ലാം പർവ്വതീകരിച്ചുള്ള വാർത്തകൾ വരുമ്പോൾ ഭക്ഷ്യപൊതുവിതരണരംഗം ആകെ താറുമാറായെന്നൊരു പ്രചരണമാണ് മാധ്യമങ്ങളിലൂടെ നമുക്ക് കേൾക്കാൻ കഴിയുന്നത്. എന്നാൽ ഇന്നത്തെ ദിവസം പരിശോധിച്ചാൽ 17% പേർ  കഴിഞ്ഞ ആറുദിവസമായി ഭക്ഷ്യധാന്യങ്ങൾ റേഷൻകടകളിലൂടെ വാങ്ങിയിരിക്കുകയാണ്. നമുക്ക് അതിലൊരു കുറവും വന്നിട്ടില്ല. എന്നാൽ പത്രവാർത്ത എന്താണ്? പത്ര

വാർത്തയിൽ പറയുന്നത് കേരളത്തിലെ റേഷൻകടകളിൽ സാധനമില്ല, അരി വിതരണം നടക്കുന്നില്ലെന്നാണ്. 70 ശതമാനത്തോളം കടകളിൽ 2 മാസത്തെ സ്റ്റോക്കുണ്ട്. ഒന്നോ രണ്ടോ ഒരാഴ്ച ഏതെങ്കിലും ഒരു വിഭാഗം സമരം ചെയ്താൽ ബാധിക്കുന്ന തരത്തിലല്ല, അത് ബാധിക്കാത്ത തരത്തിലുള്ള സംവിധാനം കേരളത്തിലെ ഗവൺമെന്റ് ഒരുക്കിയിട്ടുണ്ടെന്നുള്ള വസ്തുതകൂടി ഈ സഭ അറിയണം. എന്തായായും സാമ്പത്തികമായ പ്രയാസങ്ങളുണ്ട്. അതിന്റേതായ ചില പ്രശ്നങ്ങൾ അലട്ടുന്നുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്.

ശ്രീ. അനൂപ് ജേക്കബ്: സർ, കേരളത്തിലെ ഏതെങ്കിലും മാവേലി സ്റ്റോറുകൾ പൂട്ടുവാനുള്ള തീരുമാനം സർക്കാർ തലത്തിലോ കോർപ്പറേഷൻ തലത്തിലോ എടുത്തിട്ടുണ്ടോ, അങ്ങനെ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ? പിറവം നിയോജക മണ്ഡലത്തിലെ മുക്കോലപൂരത്ത് ഒരു മാവേലി സ്റ്റോർ കഴിഞ്ഞദിവസം അടച്ചുപൂട്ടാനുള്ള തീരുമാനം കോർപ്പറേഷനിൽനിന്നും വന്നുവെന്നാണ് അറിയാൻ കഴിഞ്ഞത്. അതിന് കാരണം അവിടെ വിൽപ്പനയില്ല എന്നുള്ളതാണ്. സബ്സിഡി സാധനങ്ങളുണ്ടായാൽ സ്വാഭാവികമായും വിൽപ്പന കയറി വരും. ഏതെങ്കിലും

നഴ്സ് ഉൾപ്പെടെയുള്ള അനുപാതവും മികച്ച നിലയിൽ നിലനിൽക്കുന്നത് കേരളത്തിലാണ്. ലോകാരോഗ്യ സംഘടന ഉൾപ്പെടെ ഇത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇവിടെ ഉന്നയിക്കപ്പെട്ട ചോദ്യത്തിലെ വിഷയം സ്റ്റാഫ് പാറ്റേണുമായി ബന്ധപ്പെട്ട് 1961-ലെ ഉത്തരവുണ്ടെങ്കിൽപ്പോലും അവിടെനിന്നും കേരളത്തിലെ ആരോഗ്യരംഗം ഒരുപാട് മുന്നോട്ടുവന്നിട്ടുണ്ട്. അന്നത്തെക്കാളും മൂന്നിരട്ടി നാലിരട്ടി വർദ്ധനവ് ഡോക്ടർമാരുടെയും നഴ്സുമാരുടെയും എണ്ണത്തിലുണ്ടായിട്ടുണ്ട്. തീർച്ചയായും ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ നമ്മുടെ സർക്കാർ ആശുപത്രികളിലെത്തുന്നവരുടെ എണ്ണം ദിവസംതോറും കൂടിവരുന്ന സാഹചര്യത്തിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കേണ്ട ആവശ്യമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അത് കൃത്യമായി ചെയ്തുപോരുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്.

<u>ശ്രീ. പ്രമോദ് നാരായൺ</u>: സർ, കോവിഡ് ഉൾപ്പെടെയുള്ള വ്യാധികൾക്കെതിരായിട്ടുള്ള പോരാട്ടത്തിലും അഗാധമായ ആരോഗ്യ അവബോധം കേരളീയ സമൂഹത്തിൽ സൃഷ്ടിക്കുന്നതിലും ആശാ

മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നിലവിൽ സർക്കാരിന്റെ പരിഗണനയിലുള്ള വിഷയം വളരെ പ്രാധാന്യത്തോടെ കാണുന്നതാണ്.

ശ്രീ. ജോബ് മൈക്കിൾ: സർ, സംസ്ഥാനത്തെ കുടുംബാരോഗ്യ കേന്ദ്രങ്ങളും താലൂക്കാശുപത്രികളും ജില്ലാ ആശുപത്രിയായി ഉയർത്തിയപ്പോൾ ആവശ്യമായ തസ്തിത സൃഷ്ടിക്കാത്തുമൂലം ആശുപത്രികളുടെ പ്രവർത്തനങ്ങൾ തടസ്സപ്പെട്ടിട്ടുണ്ടോ; ചങ്ങനാശ്ശേരി ഗവൺമെന്റ് ആശുപത്രി ജനറൽ ആശുപത്രിയായിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും ജനറൽ ആശുപത്രിക്കാനുപാതികമായ സ്റ്റാഫ് പാറ്റേൺ ഇതുവരെ അനുവദിച്ചിട്ടില്ല. അതിന് പരിഹാരമുണ്ടാകുമോ? അതോടൊപ്പം കുറിച്ചി സചിവോത്തമപുരം സി.എച്ച്.സി.യിൽ 1,38,00,000/- രൂപ മുടക്കി 90% പണി പൂർത്തീകരിച്ച കിടത്തി ചികിത്സാ കേന്ദ്രത്തിന്റെ ബാക്കി പണി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുമോ?

ശ്രീമതി വീണാ ജോർജ്: സർ, ചങ്ങനാശ്ശേരി ജനറൽ ആശുപത്രി എന്നത് കർഷക തൊഴിലാളികൾ ധാരാളമായി ആശ്രയിക്കുന്ന ആശുപത്രിയാണ്. ആ പ്രാധാന്യം ഉൾക്കൊണ്ടാണ് അവിടെ ഇപ്പോൾ 80

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, കാത്ത് ലാബ്, നഴ്സിംഗ് കോളേജ് ഉൾപ്പെടെ കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയോട് സംസ്ഥാന സർക്കാരും ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും കാണിക്കുന്ന പ്രത്യേക താൽപര്യത്തിന് ഏറെ നന്ദി അറിയിക്കുകയാണ്. 2011-ലാണ് അവിടെ സ്റ്റാഫ് സ്ട്രങ്ത് വർദ്ധിപ്പിച്ചത്. നിലവിൽ 1500-ഓളം ഒ.പി. രാവിലെയും 400-ഓളം ഒ.പി. വൈകുന്നേരവുമുണ്ട്. യഥാർത്ഥത്തിൽ അതിനാവശ്യമായ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും എണ്ണം വളരെ കുറവാണ്. ഡയാലിസിസ് യൂണിറ്റ് എല്ലാ ജനറൽ ആശുപത്രികളിലും ആരംഭിക്കും എന്ന് സൂചിപ്പിച്ച സാഹചര്യത്തിൽ അതിനായി കാഞ്ഞിരപ്പള്ളി ആശുപത്രിയെ പരിഗണിക്കുമ്പോൾ ടെക്നീഷ്യൻസ് ഉൾപ്പെടെയുള്ളവരുടെ ആവശ്യമുണ്ടാകും. അതുകൊണ്ട് കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിക്ക് പ്രത്യേക പരിഗണന നൽകി സ്റ്റാഫ് സ്ട്രങ്ത് വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം?

ശ്രീമതി വീണാ ജോർജ്: സർ, കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ ഈ സർക്കാരിന്റെ കാലത്താണ് കാത്ത് ലാബ് ആരംഭിച്ചതും പുതിയ കെട്ടിടം

സ്വീകരിക്കും. ഇവിടെ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയം, ഒരു കുഞ്ഞിന്റെ ആറാം വിരൽ മാറ്റുന്നതുമായി ബന്ധപ്പെട്ട ശസ്ത്രക്രിയയ്ക്ക് പകരം tongue-tie surgery നടത്തിയതാണ്. അതൊരു മൈനർ സർജറിയാണ്. എന്നിരുന്നാൽപോലും അത് ചെയ്തു. അത് തെറ്റാണ്. തെറ്റ് തെറ്റായി കണ്ടുകൊണ്ട് അന്ന് സൂര്യൻ അസ്തമിക്കുന്നതിനുമുമ്പ് ആ ഡോക്ടർക്കെതിരെ നടപടി സ്വീകരിച്ചു. ഭരണപക്ഷവും പ്രതിപക്ഷവും എന്ന വ്യത്യാസത്തെക്കുറിച്ച് ഇവിടെ ബഹുമാനപ്പെട്ട അംഗം പറഞ്ഞു. അങ്ങനെയല്ല, കേരളത്തിന്റെ ആരോഗ്യമേഖലയെ സംബന്ധിച്ചിടത്തോളം സർക്കാർ മെഡിക്കൽ കോളേജുകളിലെല്ലാം ഇങ്ങനെ സംഭവിക്കുന്നു എന്ന് പറയുന്നതിനുവേണ്ടി വ്യാപകമായ ഒരു പ്രചരണം ഇവിടെ നടക്കുന്നുണ്ട് എന്നുള്ളത് നാം കാണേണ്ടതായിട്ടുണ്ട്. ഞാൻ ഈ സഭയുടെ ശ്രദ്ധയിൽകൊണ്ടുവരുന്ന ഒരു വിഷയം, ചികിത്സാ പിഴവ് എല്ലാ കാലഘട്ടങ്ങളിലും ഉണ്ടായിട്ടുണ്ട്, സർക്കാർ ആശുപത്രികളിൽ മാത്രമല്ല, സ്വകാര്യ ആശുപത്രികളിലും ഉണ്ടാകുന്നുണ്ട്. ചികിത്സാ പിഴവ് ഉണ്ടാകാൻ പാടില്ല എന്നുള്ളതാണ് ആരോഗ്യ വകുപ്പ് കാണുന്നത്. 2014-ൽ യു.ഡി.എഫ്.ന്റെ അന്നത്തെ ബഹുമാനപ്പെട്ട

ആരോഗ്യവകുപ്പുമന്ത്രി ഈ സഭയ്ക്ക് കൊടുത്ത ഒരു മറുപടിയുണ്ട്. 2014 എന്നുപറയുമ്പോൾ 2011 മുതൽ മൂന്ന് വർഷകാലയളവിൽ ചികിത്സാ പിഴവുമൂലം സംസ്ഥാനത്ത് മരിച്ചവരുടെ എണ്ണമാണ് പറഞ്ഞത്. ആരോഗ്യ വകുപ്പിൽ 12-ഉം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ 5 മരണങ്ങളുമുൾപ്പെടെ 17 മരണങ്ങളാണ് ചികിത്സാ പിഴവുമൂലം ഉണ്ടായിട്ടുണ്ട് എന്നുള്ളതാണ്. ഒരു തെറ്റിനെ തെറ്റുകൊണ്ട് മറയ്ക്കുന്നതല്ല. ഒരു ചികിത്സാ പിഴവ്പോലും ഉണ്ടാകാൻ പാടില്ല, കർശനമായിതന്നെ നേരിടും. എണ്ണം എടുത്തുനോക്കിയാൽ ഗണ്യമായ കുറവുണ്ട്. അതിന് കാരണം കൃത്യമായുള്ള നടപടികൾ സ്വീകരിച്ചുപോരുന്നതാണ്.

ഒരുകാര്യം കൂടി, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കോട്ടയം മെഡിക്കൽ കോളേജിലെ ഡോ. ജയകുമാർ ഉൾപ്പെടെയുള്ള, കൈയ്യിൽനിന്ന് കാശുകൊടുത്ത് രോഗിയെ വീട്ടിലെത്തിക്കുന്ന ഡോക്ടർമാർ നമ്മുടെ സംവിധാനത്തിലുണ്ട്. ഈ സർക്കാരിന്റെ കാലത്താണ് ഒരു കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ കോട്ടയം മെഡിക്കൽ കോളേജിൽ ആദ്യമായി സംസ്ഥാനത്ത് സൗജന്യമായി നടത്തിയത്. 40-45 ലക്ഷം രൂപ ചെലവ് വരുന്ന

ശസ്ത്രക്രിയയാണത്. അങ്ങനെ നമ്മൾ മുന്നോട്ടുപോകുമ്പോൾ സർക്കാർ ആശുപത്രികൾക്കും ഡോക്ടർമാർക്കും വേണ്ട ആത്മവിശ്വാസം പകർന്നുനൽകണം. അതിനേക്കാളും വളരെ പ്രധാനമാണ് രോഗികളുടെ അവകാശങ്ങൾ സംരക്ഷിക്കുക എന്നുള്ളത്. എവിടെയെങ്കിലും പിഴവ് കണ്ടിട്ടുണ്ടെങ്കിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇനി പിഴവ് ഉണ്ടാകാൻ പാടില്ല എന്ന നിലയിൽതന്നെ കർശനമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കൃത്യമായ ശാസ്ത്രീയമായ പ്രോട്ടോകോൾ പാലിക്കണമെന്ന കർശന നിർദ്ദേശവും കൊടുത്തിട്ടുണ്ട്.

ശ്രീ. കെ. ആൻസലൻ: സർ, നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ ഡോക്ടർമാരുടെയും പാരാമെഡിക്കൽ സ്റ്റാഫിന്റെയും കുറവ് നിലനിൽക്കുന്നുണ്ട്. ആദ്യഘട്ടത്തിൽ താലൂക്കാശുപത്രിയുടെ പാറ്റേണിലുണ്ടായിരുന്നപ്പോൾ 170 ഐ.പി.യും 1000 എണ്ണത്തിനടുത്ത് ഒ.പി.യുമുണ്ടായിരുന്നെങ്കിൽ ഇപ്പോൾ 2500-3000 ഒ.പി.യും 500-ലധികം ഐ.പി.യുമുള്ള ഒരു ആശുപത്രിയായതുകൊണ്ടുതന്നെ അധിക ഡോക്ടർമാരും മറ്റ് സ്റ്റാഫും

ഇപ്പോൾ സ്വീകരിച്ചുവരികയാണ്. ഇതിന്റെ അനുഭവത്തിൽ കൂടുതൽ ശക്തമായ നടപടികളിലേയ്ക്ക് കടക്കുകയും ചെയ്യും.

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, സിദ്ധാർത്ഥന്റെ പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ ഏറ്റവും പ്രധാനപ്പെട്ടതായിരിക്കുന്ന 18 antemortem injuries പ്രതിപാദിക്കുന്നുണ്ട്. The urinary bladder were empty എന്നാണ് അതിലെ ഒരു പരാമർശം. The stomach were filled with brownish fluid എന്നാണ്. ഒരു ചെറിയ ഭക്ഷണ പദാർത്ഥംപോലുമില്ലാതെ, ഒരു തുള്ളി വെള്ളമില്ലാതെ ആ പയ്യനെ മൂന്നുദിവസം പട്ടിണിക്കിട്ട് പീഡിപ്പിച്ചു. സി.ബി.ഐ. ശിപാർശ നൽകുന്നതിൽ വന്നിരിക്കുന്നതായ ഗൗരവതരമായിട്ടുള്ള കാലതാമസവും വീഴ്ചയും ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. പേഴ്സണൽ മന്ത്രാലയത്തിനാണ് ഈ ശിപാർശ നൽകേണ്ടതെന്നുള്ളത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഇവിടെ ശിപാർശ നൽകിയത് സി.ബി.ഐ.-യുടെ കൊച്ചിയിലെ യൂണിറ്റിനാണ്. ഇതിന് നേതൃത്വം കൊടുത്ത ഉദ്യോഗസ്ഥരെ ഇപ്പോൾ തിരിച്ചെടുത്തിരിക്കുന്നു. ഇതിന്റെ പിറകിൽ ഒരു വലിയ ഗൂഢാലോചനയുണ്ട്. ആ ഗൂഢാലോചന അന്വേഷിക്കാനുള്ള നേതൃത്വം കൊടുക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതിന്റെ അടിസ്ഥാനത്തിൽ വലിയ ഗൂഢാലോചനയ്ക്കൊന്നും സാംഗത്യമില്ല. ഈ കേസ് സി.ബി.ഐ.-യ്ക്ക് വിടുന്നോ ഇല്ലയോയെന്നതാണ് പ്രശ്നം. സിദ്ധാർത്ഥന്റെ പിതാവും മറ്റ് ചിലരുംകൂടി എന്നെ കാണാൻ വന്നു. അവർ അമ്മയുടെ പരാതിയാണ് തന്നത്. ആ ഹർജി കൈയിൽവാങ്ങി ഞാനത് വായിച്ചുനോക്കി, അവസാനം സി.ബി.ഐ.-യ്ക്ക് വിടണമെന്നാണ് അതിൽ പറയുന്നത്. നിങ്ങളുടെ അഭിപ്രായം അങ്ങനെയാണെങ്കിൽ സി.ബി.ഐ.-യ്ക്ക് വിടാമെന്ന് അത് വായിച്ചയുടൻ ഞാൻ പറഞ്ഞു. അന്നുതന്നെ അതിന്റെ സർക്കാർ ഉത്തരവും ഇറങ്ങി. ഏതാനും ഉദ്യോഗസ്ഥർ രണ്ടോ മൂന്നോ ദിവസം വൈകിപ്പിച്ചുവെന്നതുകൊണ്ട് അതിന്റെ കാര്യങ്ങൾ അട്ടിമറിക്കാൻ പറ്റുമോ? അതൊക്കെ പ്രചാരണപരമായി എടുത്തുപറയാമെന്നല്ലാതെ അടിസ്ഥാനപരമായി ഈ സ്വഭാവത്തെ മാറ്റാൻ കഴിയില്ല. സി.ബി.ഐ.-യ്ക്ക് വിടുകയെന്നത് സർക്കാർ തീരുമാനിച്ചുകഴിഞ്ഞില്ലേ. വീഴ്ചവരുത്തിയെന്ന് പ്രാഥമികമായി കണ്ടതുകൊണ്ടാണ് അവരെ സസ്പെൻഡ് ചെയ്ത് നടപടിയെടുത്തത്. ആ നടപടി കൃത്യമായി പാലിച്ചിട്ടുമുണ്ട്.

